പ്രസിദ്ധീകരണത്തിന്

കേരളസംസ്ഥാന മുന്നാക്കസമുദായക്ഷേമകോർപ്പറേഷൻവഴി അർഹരായവർക്ക് ലഭിച്ചുകൊണ്ടിരുന്ന സാമ്പത്തികസഹായം കഴിഞ്ഞവർഷം മുതൽ യഥാവിധി ലഭിക്കുന്നില്ലെന്നുള്ള പരാതി നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സ്കോളർഷിപ്പ്, കോച്ചിംഗ് അസിസ്റ്റൻസ്, സ്കിൽ ഡെവലപ്പ്മെന്റ്, പലിശ സബ്സിഡി, ഭവനപുനരുദ്ധാരണം തുടങ്ങിയ ഇനങ്ങൾക്കായി 35 കോടിയിൽപരം രൂപ പ്രതിവർഷം ഗവൺമെന്റിൽനിന്നും കോർപ്പറേഷന് ലഭിക്കേണ്ടതായിരുന്നു. അതനുസരിച്ച് 2018-19, 2019-20 വർഷങ്ങളിൽ കിട്ടേണ്ടിയിരുന്ന 70 കോടിയിൽപരം രൂപയിൽ വെറും 17 കോടി രൂപ മാത്രമാണ് കോർപ്പറേഷന് ലഭിച്ചത് എന്നും ആയത് അർഹരായവർക്ക് വിതരണം ചെയ്തു എന്നും ആണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഈ രണ്ടുവർഷത്തേക്കും അർഹരായവരുടെ അപേക്ഷകൾ ക്ഷണിച്ച്, പട്ടിക തയ്യാറാക്കിയെങ്കിലും അവർക്ക് അർഹമായ തുക നല്കാൻ കഴിയാത്ത അവസ്ഥയാണ് കോർപ്പറേഷന് ഇപ്പോഴുള്ളത്. ഇതിനുംപുറമേ, സംവരണേതരസമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കുള്ള അംബേദ്കർ സ്കോളർഷിപ്പ് ഇനത്തിൽ കേന്ദ്രഗവൺമെന്റ് അനുവദിച്ച് 2016-17-ൽ സംസ്ഥാനഗവൺമെന്റിനു നല്കിയ 2.48 കോടി രൂപ നാളിതുവരെ കോർപ്പറേഷന് നല്കാത്തതിനാൽ അതിന്റെ വിതരണവും നടക്കാത്ത അവസ്ഥയാണുള്ളത്.

മറ്റെല്ലാ വിഭാഗങ്ങളിൽപെട്ടവരിലെയും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ധനസഹായം നല്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉണ്ടെന്നിരിക്കെ, മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള ഈ അലംഭാവം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. എല്ലാവർക്കും തുല്യനീതി ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച മുന്നാക്കസമുദായക്ഷേമകോർപ്പറേഷന്റെ പ്രവർത്തനംതന്നെ നിലയ്ക്കുന്ന ഒരു സമീപനമാണ് സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തന്നെയുമല്ല, ഈ വിഭാഗത്തോടുമാത്രമുള്ള അവഗണനയായിട്ടേ ഇതിനെ കാണാനാവൂ. ഒരു ജനാധിപത്യഗവൺമെന്റിന് ഇത് ഭൂഷണമാണോ എന്ന് ഉത്തരവാദപ്പെട്ടവർ ചിന്തിക്കേണ്ടതാണ്.

പെരുന്ന
1.9.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി